**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നടന്ന ക്രമക്കേടുകൾ - ശ്രീ. അശോക് കുമാർ തെക്കൻ -ന്റെ പെൻഷൻ മിനിമം പെൻഷനായി കുറവ് ചെയ്യുന്ന താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി - ടിയാൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.421/2026/AGRI  തീയതി,തിരുവനന്തപുരം, 01-05-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.968/2018/കൃഷി തീയതി 25.09.2018
2. ശ്രീമതി.പി.കെ.ജയശ്രീ 15/01/2019 ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്
3. സ.ഉ(സാധാ)നം177/2019/കൃഷി തീയതി 18.02.2019
4. സ.ഉ(സാധാ) നം.514/2019/കൃഷി തീയതി 04.06.2019
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 02.03.2022 ലെ A1-2/73/2020-KPSC നമ്പർ കത്ത്.
6. സ.ഉ(സാധാ)നം. 337/2022/കൃഷി തീയതി 25.04.2022
7. കാരണം കാണിക്കൽ നോട്ടീസ് നമ്പർ കൃഷി. ഇഎ3-31/2022 കൃഷി തീയതി 30.04.2022
8. ശ്രീ അശോക് കുമാർ തെക്കൻ 15.06.2022 സമർപ്പിച്ച പ്രതിവാദ പത്രിക
9. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.07.2022 ലെ ADFW/5810/2022-svc(1) നമ്പർ കത്ത്
10. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15.03.2023 ലെ ADFW/2474/2023-SVC(1) നമ്പർ കത്ത്.
11. സ.ഉ(സാധാ)നം. 376/2025/കൃഷി തീയതി 11.04.2025

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നടന്ന ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ

ടെൻഡർ നടപടികളോ/ ബോർഡ് തീരുമാനങ്ങളോ കൂടാതെ M/s കേരള അഗ്രോ സീഡ്സ്, കാലടി എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും വഴിവിട്ട് ഗുണമേന്മ കുറഞ്ഞ കോടിക്കണക്കിന് രൂപയുടെ നെൽവിത്തുകളും, പച്ചക്കറി വിത്തുകളും വാങ്ങി കർഷകർക്ക് വിതരണം ചെയ്തതുമൂലം സംസ്ഥാന ഖജനാവിന് 13.65 കോടി രൂപയുടെ നഷ്ടം ഉണ്ടായെന്ന് കണ്ടെത്തിയിരുന്നു.

2. ഇതിന് ഉത്തരവാദികളായ ഈ പ്രവൃത്തി നടക്കുന്ന കാലയളവിൽ ഉദ്യോഗസ്ഥരായിരുന്ന , 01.07.2006 മുതൽ 31.12.2016 വരെ വിവിധ തസ്തികകളിൽ പ്രവർത്തിച്ചിരുന്ന ശ്രീ. അശോക് കുമാർ തെക്കൻ, അഡീഷണൽ ഡയറക്ടർ, ശ്രീമതി. പി. കെ. ബീന. അഡീഷണൽ ഡയറക്ടർ, ശ്രീ. M.D. തിലകൻ, കൃഷി ജോയിന്റ് ഡയറക്ടർ, ശ്രീമതി. T. ഉഷ, അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. ഹണി മാത്യൂസ്, അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. കെ.ജെ.ഒനീൽ, അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. ഷാജൻ മാത്യു. കൃഷി ഓഫീസർ, ശ്രീമതി. എൻ.വി.ശുഭ, കൃഷി അസിസ്റ്റന്റ്, ശ്രീമതി. വി. പുഷ്പകുമാരി, ജോയിന്റ് ഡയറക്ടർ, ശ്രീമതി. ലിൻസി സേവ്യർ, ജോയിന്റ് ഡയറക്ടർ എന്നിവർക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിച്ച് കുറ്റപത്രം നൽകുകയുണ്ടായി.

3. കുറ്റാരോപണപത്രികയ്ക്ക് ആരോപണ വിധേയരായ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ തങ്ങൾക്കെതിരെ ചുമത്തിയ കുറ്റങ്ങൾ നിഷേധിച്ച സാഹചര്യത്തിൽ KCS (CC & A) Rules 1960 Rule 15 പ്രകാരമുള്ള ഔദ്യോഗിക അന്വേഷണം നടത്തുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറായിരുന്ന ശ്രീമതി.പി.കെ.ജയശ്രീയെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് **പരാമർശം (1)** പ്രകാരം ഉത്തരവായിരുന്നു.

4. **പരാമർശം (2)** അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. റ്റി. ഉഷ, ശ്രീമതി. എൻ.വി.ശുഭ, ശ്രീ. ഷാജൻ മാത്യൂ എന്നിവർക്കെതിരായ അച്ചടക്ക നടപടി KCS (CC & A) Rules ,1960-ലെ Rule 11 (i)പ്രകാരം സെൻഷ്വർ നൽകി തീർപ്പാക്കിയും, ശ്രീമതി .ഹണി മാത്യൂസ്, ശ്രീമതി. എസ്.പുഷ്പകുമാരി, ശ്രീമതി. ലിൻസി സേവ്യർ എന്നിവർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത സാഹചര്യത്തിൽ ടിയാളുകൾക്കെതിരെ അച്ചടക്കനടപടികൾ അവസാനിപ്പിച്ച് **പരാമർശം (3)** പ്രകാരം ഉത്തരവാകുകയും ശ്രീ. എം.ഡി.തിലകനെതിരായുള്ള അച്ചടക്കനടപടി താത്കാലികമായി അവസാനിപ്പിച്ച് **പരാമർശം (4)** പ്രകാരം ഉത്തരവാകുകയും ശ്രീ. കെ.ജെ.ഒനീലിനെതിരായ അച്ചടക്ക നടപടി **പരാമർശം (6)** ഉത്തരവ് പ്രകാരം തീർപ്പാക്കുകയും വിരമിച്ച കൃഷി അഡീഷണൽ ഡയറക്ടർ ശ്രീമതി. പി.കെ.ബീനയ്ക്കെതിരായ അച്ചടക്ക നടപടി ടിയാളുടെ പെൻഷൻ തുകയിൽ നിന്നും പ്രതിമാസം 1000/- രൂപ വീതം 3 വർഷത്തേക്ക് ഈടാക്കികൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുന്നതിനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് **പരാമർശം (11)** പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

5. പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് വിരമിച്ച കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. അശോക് കുമാർ തെക്കനെതിരെ KSR Part 111-ലെ ചട്ടം 3 പ്രകാരം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 4,34,28,749/- രൂപ 18% പലിശ

സഹിതം ടിയാന്റെ DCRG യിൽ നിന്നും പരമാവധി ഈടാക്കിയ ശേഷമുള്ള ബാക്കി തുക റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ മുഖാന്തരം ഈടാക്കുന്നതിനും, ചെയ്ത കുറ്റത്തിനുള്ള വ്യാപ്തി കണക്കിലെടുത്തുകൊണ്ട് ടിയാന് പെൻഷൻ മിനിമം പെൻഷനായി കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് **പരാമർശം (7)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, മേൽ പ്രകാരമുള്ള തീരുമാനത്തിന്മേൽ ചട്ടപ്രകാരം നടപടി സ്വീകരിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അഭിപ്രായപ്പെടുകയുമുണ്ടായി. പരാമർശം (7) കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ **പരാമർശം (8)** പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ശ്രീ അശോക് കുമാർ തെക്കന്റെ വാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും ആയതിനാൽ ടിയാനെതിരെ ഉചിതമായ നടപടികൾ സർക്കാർ തലത്തിൽ എടുക്കാവുന്നതാണെന്നും **പരാമർശം (9)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുമുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിലെ ക്രമക്കേടുകൾ പരിശോധിക്കപ്പെട്ട കാലയളവിൽ KSSDA വിത്ത് ശേഖരണം നടത്തിയത് കൃഷി ഡയറക്ടർ നൽകിയ പ്രൊഡക്ഷൻ പ്ലാൻ പ്രകാരമാണോ എന്നത് സംബന്ധിച്ചും, അടിയന്തര സാഹചര്യം ചൂണ്ടിക്കാട്ടി ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങിയ വിത്തുകൾ വിതരണം ചെയ്യാത്തതുമായി ബന്ധപ്പെട്ട രേഖകളോ KSSDA യിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും **പരാമർശം (10)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ നടന്ന ഗുരുതരമായ ക്രമക്കേടുമായി ബന്ധപ്പെട്ട് വിരമിച്ച കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. അശോക് കുമാർ തെക്കനെതിരെ KSR Part 111-ലെ ചട്ടം 3 പ്രകാരം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 4,34,28,749/- രൂപ 18% പലിശ സഹിതം ടിയാന്റെ DCRGയിൽ നിന്നും പരമാവധി ഈടാക്കിയ ശേഷമുള്ള ബാക്കി തുക റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ മുഖാന്തരം ഈടാക്കുന്നതിനും, ചെയ്ത കുറ്റത്തിനുള്ള വ്യാപ്തി കണക്കിലെടുത്തുകൊണ്ട് ടിയാന് പെൻഷൻ മിനിമം പെൻഷനായി കുറവ് ചെയ്യാമെന്നുമുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. അശോക് കുമാർ തെക്കൻ, കൃഷി അഡീഷണൽ ഡയറക്ടർ (റിട്ട.)

(കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA3/31/2022-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 02-05-2026 14:42:10
സെക്ഷൻ ഓഫീസർ

പകർപ്പ്:- കൃഷി വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.